# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/263/2016 പത്രക്കുറിപ്പ് 2016 ഡിസംബർ 09

## അപേക്ഷാ തീയതി

തൊടുപുഴ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനിയറിംഗിലേയും സ്റ്റാസിലേയും മൂന്നാം സെമസ്റ്റർ ബിടെക് (2015 മുതലുള്ള അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകൾ ഡിസംബർ 20ന് ആരംഭിക്കും അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 14 വരെയും 50 രൂപാ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 16 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ സെമസ്റ്ററിനു 200 രൂപ സി.വി ക്യാംപ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് ബിഎ വിഷ്വൽ കമ്മ്യൂണിക്കേഷൻ/മാസ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം/മോഡൽ 2 ബികോം ഓപ്ഷണൽ ലോജിസ്റ്റിക് മാനേജ്മെന്റ്/ബിഎസ്സി സൈബർ ഫോറൻസിക് /ഓപ്പൺ കോഴ്സുകൾ: മൂന്നാം സെമസ്റ്റർ ബിഎ മാസ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം/ഓട്ടോഗ്രഫി ആന്റ് ഡിജിറ്റൽ എഡിറ്റിംങ്/ബിഎസ്സി സൈബർ ഫോറൻസിക്/ ബിപിഇ/ബിഎസ്സി കുലീനറി ആർട്ട്സ് ആന്റ് കേറ്ററിംഗ് ടെക്നോളജി(റഗുലർ/റീ അപ്പിയറൻസ്/സപ്ലിമെന്ററി–2013മുതലുള്ള അഡ്മിഷൻ)ഡിഗ്രി പരീക്ഷകൾ 2017 ജനുവരി 5 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 15 വരെയും 50രൂപാ പിഴയോടെ 16 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 19 വരെയും സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ എം.ടെക് ഡിഗ്രി (2015 മുതലുള്ള അഡ്മിഷൻ) വിദ്യാർത്ഥികൾക്കു അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 15 വരെയും 50 രൂപാ പിഴയോടെ 16 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 19 വരെയും സ്വീകരിക്കും.

## പ്രാക്ടിക്കൽ പരീക്ഷ

മൂന്നാം സെമസ്റ്റർ ബിഎസ്സി ഇലക്ട്രോണിക്സ് ആന്റ് ബിഎസ്സി കംപ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സ് പ്രാക്ടിക്കൽ പരീക്ഷ (റഗുലർ/ സപ്ലിമെന്ററി) ബന്ധപ്പെട്ട കോളേജുകളിൽ ഡിസംബർ 13ന് ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

മൂന്നാം സെമസ്റ്റർ ബിഎസ്സി അക്വാകൾച്ചർ/ ബിഎസ്സി ഇൻഡസ്ട്രിയൽ ഫിഷ് ആന്റ് ഫിഷറീസ് പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 15 മുതൽ എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതുക്കിയ തീയതി

ഡിസംബർ 6ന് നടത്താൻ നിശ്ചയിച്ചിരുന്ന തൃപ്പൂണിത്തുറ ആർ എൽ വി കോളേജിലെ ഒന്നാം സെമസ്റ്റർ ബിഎ റഗുലർ/സപ്ലിമെന്ററി കഥകളി–ചെണ്ട പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 14ന് നടത്തുന്നതാണ്

ഡിസംബർ 14ന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ ഡി.ഡി.എം.സി.എ ഡിഗ്രി വിഷ്വൽ പ്രോഗ്രാമിംഗ് പരീക്ഷ 2014 അഡ്മിഷൻ സപ്ലിമെന്ററി വിദ്യാർത്ഥികൾക്കു മാത്രമാണ്. 2015 അഡ്മിഷൻ റഗുലർ വിദ്യാർത്ഥികളുടെ പരീക്ഷ പിന്നീട്.

## പരിക്ഷാ ഫലം

2016 ജൂൺ/ജൂലായ് മാസങ്ങളിൽ നടത്തിയ രണ്ടും നാലും സെമസ്റ്റർ ഡി.ഡി.എം.സി.എ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 22 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ ഒന്നും നാലും സെമസ്റ്റർ ബിഎ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 22 വരെ സ്വീകരിക്കും.

2016 ജൂലായിൽ നടത്തിയ നാലും എട്ടും സെമസ്റ്റർ ബിഎച്ച്എം ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 21 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം ഭാഗം എം.എ പൊളിറ്റിക്കൽ സയൻസ് സിഎസ്എസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷമപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 22 വരെ സ്വീകരിക്കും.

2016 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎൽഐഎസ്സി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷമപരിശോധനയ്ക്കുള്ള അപേക്ഷകൾ ഡിസംബർ 22 വരെ സ്വീകരിക്കും.

## സിൻഡിക്കേറ്റ് യോഗം

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം ഡിസംബർ 31ന് രാവിലെ 10.30ന് സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽ കൂടും

## ഹരിതകേരളം പദ്ധതിക്ക് എം.ജി യിൽ തുടക്കമായി.

കേരളസർക്കാരിന്റെ ഹരിതകേരളം പദ്ധതിക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയിലും തുടക്കമായി. കാർഷിക വികസനം, ജലസംരക്ഷണം, മഴക്കുഴികളുടെ നിർമ്മാണം, ശുചീകരണ പ്രവർത്തനങ്ങൾ, പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ എന്നിവ ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വകലാശാലാ കാമ്പസിലും പങ്കാളിത്ത ഗ്രാമങ്ങളിലും നടപ്പാക്കും. നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ സർവ്വകലാശാലയിൽ നടത്തിയ പരിപാടി വൈസ്ചാൻസിലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. പ്രോ വൈസ് ചാൻസിലർ ഡോ. ഷീനാ ഷുക്കൂർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. അജി.സി.പണിക്കർ, ഡോ.എം.എസ്സ് മുരളി, ഡോ.എ.ജോസ്, രജിസ്ട്രാർ എം.ആർ ഉണ്ണി, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പറ, ഫിനാൻസ് ഓഫീസർ എബ്രഹാം ജെ. പുതുമന, എൻ.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ എന്നിവർ പങ്കെടുത്തു.

## ജലം: ശുദ്ധീകരണത്തിനും സംരക്ഷണത്തിനുമുള്ള ശാസ്ത്രീയ മാർഗങ്ങളെ കുറിച്ച് അന്തർദേശീയ സെമിനാർ

ജലശുദ്ധീകരണത്തിനും സംരക്ഷണത്തിനുമുള്ള ശാസ്ത്രീയ മാർഗങ്ങളെ കുറിച്ച് മൂന്നുദിവസത്തെ അന്തർദേശീയ സെമിനാർ മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡിസംബർ 13 മുതൽ 15 വരെ നടക്കുകയാണ്. കുടിവെള്ള സ്രോതസ്സുകളും ജലാശയങ്ങളും നദികളും മലിനമാക്കുന്ന രാസവസ്തുക്കളും ബാക്റ്റീരിയകളും കൂടാതെ പുതിയ കാലത്തിന്റെ മാലിന്യ നിക്ഷേപങ്ങളായ നാനോ ഘടകങ്ങളും ഔഷധാവശിഷ്ടങ്ങളും ലോകത്തിന്റെയും മാനവരാശിയുടെയും നിലനിൽപിന് തന്നെ ഭീഷണിയായിരിക്കുന്നു. ഈ സാഹചര്യങ്ങളെ ശാസ്ത്രീയമായി പ്രതിരോധിക്കുവാനുള്ള ഗവേഷണങ്ങൾ ലോകത്തു പ്രധാന സർവകലാശാലകളിലും ഗവേഷണ കേന്ദ്രങ്ങളിലും പുരോഗമിക്കവേ അവയുടെ അവതരണവും വിശകലനവുമാണ് ഈ സെമിനാറിൽ പ്രധാനം.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ അന്തർ സർവകലാശാല ഇൻസ്ട്രുമെന്റഷന് സെൻററും പരിസ്ഥിതി പഠന വിഭാഗവും പരിസ്ഥിതി സൗഹൃദ സുസ്ഥിര വികസന കേന്ദ്രവും സംയുക്തമായി നടത്തുന്ന സെമിനാറിൽ ഇസ്രായേൽ, നെതെർലാൻഡ്, അയർലണ്ട്, ഫ്രാൻസ്, സൗദി അറേബ്യ, റഷ്യ, സ്പെയിൻ, ഓസ്‌ട്രേലിയ, ജപ്പാൻ, ഈജിപ്ത്, ചിലി, ദക്ഷിണ കൊറിയ, ബ്രസീൽ, കാനഡ, തായ്‌ലൻഡ്, ഗ്രീസ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നായി ഏതാണ്ട് 140 ഓളം വിദഗ്ധർ തങ്ങളുടെ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നു.

ഈ രംഗത്ത് അന്തർദേശീയ വിദഗ്ധർ ആയ ജേക്കബ് ഡി ബോർ (നെതെർലാൻഡ്), യോരാം ഓറേൻ (ഇസ്രായേൽ), മെഹമേത് ഓട്ടൂരാൻ (ഫ്രാൻസ്), സുരേഷ് പിള്ള (അയർലണ്ട്), ഗൗരി പണ്ഡിറ്റ് (ഭാഭാ അറ്റോമിക് റിസർച്ച് സെന്റർ, മുംബൈ), ശശിധർ (ഹൈദരാബാദ് ഐ. ഐ. ടി.) തുടങ്ങിയവരുടെ സാന്നിധ്യം സെമിനാറിന്റെ അന്തർദേശീയ പ്രസക്തി വർധിപ്പിക്കുന്നു. ജലമലിനീകരണം നിയന്ത്രിക്കുന്നതിനുള്ള സാങ്കേതിക വിദ്യകളുടെ അവതരണം സെമിനാറിന്റെ പ്രധാന ആകർഷണമാണ്. പതിനാറു രാജ്യങ്ങളിൽ നിന്നായി ഇരുനൂറ്റമ്പതോളം ഗവേഷകർ സംബന്ധിക്കുന്ന ഈ സെമിനാർ ഡിസംബർ 13നു രാവിലെ 8.45നു വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുമെന്ന് സെമിനാർ കൺവീനർ പ്രൊ. സി. ടി. അരവിന്ദകുമാർ അറിയിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)